(ബി) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിൻ കീഴിൽ 2425 പാലങ്ങളുണ്ട്. ഇതിൽ 148 പാലങ്ങൾ അപകടാവസ്ഥയിലാണെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(സി) ദേശീയപാതയിലെ പാലങ്ങൾക്കുള്ള സുരക്ഷിതത്വത്തിനായി 17.5 കോടി വകയിരുത്തിയിട്ടുണ്ട്. റോഡുകളും പാലങ്ങൾക്കുമായി കഴിഞ്ഞ 2 വർഷമായി പ്രതിവർഷം ഏതാണ്ട് 43 കോടി രൂപ പദ്ധതിയിനത്തിൽ ബഡ്ജറ്റിൽ വകയിരുത്താറുണ്ട്. പദ്ധതിയേതര ഇനത്തിൽ 210 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

(ഡി) ദേശീയപാതയിലെ പാലങ്ങൾക്കുള്ള സുരക്ഷിതത്വത്തിനായി 17.5 കോടി വകയിരുത്തിയിട്ടുണ്ട്. റോഡുകളും പാലങ്ങളും വിഭാഗത്തിൽ പാലങ്ങളുടെ സുരക്ഷയ്ക്കും സംരക്ഷണത്തിനുമായി പ്രത്യേക ബഡ്ജറ്റ് വിഹിതം നീക്കിവക്കാറില്ല. സ്റ്റേറ്റ് ഹൈവേ, പ്രധാന ജില്ലാതല റോഡുകൾ ഇവയിൽ പാലങ്ങൾക്കും കലുങ്കുകൾക്കും പ്രത്യേകം വിഹിതവും ഹെഡ്ഡും ഉണ്ട്.

(ഇ) & (എഫ്) ദേശീയപാത വിഭാഗത്തിൽ സംവിധാനം നിലവിലുണ്ട്. റോഡുകളും പാലങ്ങളും വിഭാഗത്തിൽ അതാത് ബ്രിഡ്ജസ് സെക്ഷനുകളാണ് സംരക്ഷണ ചുമതല നടത്തിവരുന്നത്. നിലവിലുള്ള നിബന്ധനകൾ കർശനമായി പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കുന്നുണ്ട്.

എൻ.എച്ച്. 17-ലെ റെയിൽവേ ഗേറ്റുകളിലെ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണം

103 [416] ശ്രീ. എ. സി. ഷൺമുഖദാസ്:

,, കെ. പി. മോഹനൻ:

,, സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ.എച്ച്. 17-ൽ സംസ്ഥാനത്ത് എത്ര റെയിൽവേ ഗേറ്റുകളിലാണ് ഓവർ ബ്രിഡ്ജുകൾ ഇപ്പോൾ നിർമ്മിക്കപ്പെട്ടിട്ടുള്ളതെന്നും എത്ര ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണ പ്രവൃത്തിയാണ് നടന്നുവരുന്നതെന്നും വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത റോഡിൽ ഇനി എത്ര റെയിൽവേ ഗേറ്റുകളിൽ റെയിൽ ഓവർ ബ്രിഡ്ജുകൾ പണിയുന്നതിന് അനുവാദം നൽകാനുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(സി) എൻ. എച്ച്. 17-ൽ റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ പൂർത്തീകരിച്ചതും പണികൾ നടന്നുകൊണ്ടിരിക്കുന്നതുമായ എത്ര റെയിൽ ഓവർ ബ്രിഡ്ജുകൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) ഇതിനെല്ലാം കൂടി ആകെ എത്ര തുക ചെലവഴിച്ചു കഴിഞ്ഞുവെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 4 എണ്ണം നിർമ്മിക്കപ്പെട്ടിട്ടുണ്ട്. 4 ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണപ്രവൃത്തി നടന്നുവരുന്നു.

(ബി) 4 എണ്ണം

(സി) എൻ.എച്ച്. 17-ൽ, റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ ഇതേവരെ രണ്ട് മേൽപ്പാലങ്ങളാണ് പൂർത്തീകരിച്ചത്. മൂന്ന് മേൽപ്പാലങ്ങളുടെ നിർമ്മാണപ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു.

(ഡി) ആർ.ബി.ഡി.സി.കെ. ഏറ്റെടുത്തിട്ടുള്ള മേൽപ്പാലങ്ങൾക്ക് ഭൂമി പൊന്നും വിലയ്ക്കെടുക്കുന്നതിനടക്കം 2040.08 ലക്ഷം രൂപ ചെലവഴിച്ചു കഴിഞ്ഞിട്ടുണ്ട്. ദേശീയപാത വിഭാഗത്തിൽ ഈയിനത്തിൽ 11,28,16,978 രൂപ ചെലവഴിച്ചിട്ടുണ്ട്.

നിലവിലുള്ള സർക്കാർ പൂർത്തിയാക്കിയ റോഡുകളും പാലങ്ങളും

104 [417] ശ്രീ. ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാടിന്റെ പൊതുവായ വികസനത്തിനായി പൊതുമരാമത്ത് വകുപ്പ് പൂർത്തിയാക്കിയ പാലങ്ങളും റോഡുകളും ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഇനിയും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) റോഡുകളും പാലങ്ങളും വിഭാഗത്തെയും ദേശീയപാതാ വിഭാഗത്തെയും സംബന്ധിക്കുന്ന വിവരങ്ങൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്.†

(ബി) റോഡുകളും പാലങ്ങളും വിഭാഗത്തെയും ദേശീയപാതാ വിഭാഗത്തെയും സംബന്ധിക്കുന്ന വിവരങ്ങൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്.‡

കുനിക്കാവ്, പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം

105 [418] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത്, വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി അത്തോളി പഞ്ചായത്തുകളെ യോജിപ്പിക്കുന്ന കുനിക്കാവ് പാലം (കുനിയിൽക്കടവ് പാലം) ഉദ്ഘാടനം ചെയ്യപ്പെട്ടിട്ടും പാലത്തിന്റെ അപ്രോച്ച് റോഡ് ഇപ്പോഴും വാഹനഗതാഗതയോഗ്യമല്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ;

† അനുബന്ധം XIII

‡ അനുബന്ധം XIII (എ)

LIBRARY ARCHIVES Kerala Legislative Assembly